## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 204 — 12/02/2020-ൽ മറുപടിക്ക്

### പുതിയ അണക്കെട്ടുകൾ നിർമ്മിക്കുവാനുള്ള സാധ്യതാപഠനം

| | ചോദ്യം<br><br>**ശ്രീ.പി.ടി. തോമസ്** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ജലകമ്മീഷൻ നടത്തിയ പഠനത്തിൽ പ്രളയം നിയന്ത്രിക്കുന്നതിനായി സംഭരണ ശേഷി കൂടിയ ഡാമുകളുടെ ആവശ്യകത കണ്ടെത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) | പ്രളയം നിയന്ത്രിക്കുന്നതിനായി സംഭരണ ശേഷി കൂടിയ ഡാമുകളുടെ ആവശ്യകത കണ്ടെത്തിയിട്ടുണ്ട്. |
| ബി) | ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൂടുതൽ അണക്കെട്ടുകൾ നിർമ്മിക്കുവാനുള്ള സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; | (ബി) | സാധ്യതാപഠനം നടത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എവിടെയൊക്കെ പുതിയ ഡാമുകൾ നിർമ്മിക്കാമെന്നാണ് കണ്ടെത്തിയിട്ടുള്ളത്; അതിന്മേലുള്ള മേൽനടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് പ്രളയക്കെടുതിയുടെ രൂക്ഷത കുറയ്ക്കുന്നതിന് കൂടുതൽ ജലസംഭരണികൾ ആവശ്യമാണെന്ന കേന്ദ്രജലകമ്മീഷന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മുമ്പ് പരിഗണനയിലുണ്ടായിരുന്ന ചില പദ്ധതികളുടെ സാധ്യത വീണ്ടും പരിശോധിക്കുന്നുണ്ട്. പൊരിങ്ങൽക്കുത്ത് അപ്സ്ട്രീം പദ്ധതി, പൂയംകുട്ടി, ട്വിൻ കല്ലാർ എന്നീ പദ്ധതികളുടെ സാധ്യതയാണ് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് പരിശോധിക്കുന്നത്. ആദ്യഘട്ടത്തിൽ പൊരിങ്ങൽക്കുത്ത് അപ്സ്ട്രീം ഡാമിന്റെ സർവ്വേ ജോലികൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള അനുമതിക്കായി വനംവകുപ്പിനെ സമീപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പുതിയ ഡാമുകൾ നിർമ്മിക്കുമ്പോൾ പരിസ്ഥിതിക്ക് കടുത്ത ആഘാതം ഉണ്ടാക്കുന്നില്ലായെന്ന കാര്യം ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | പാരിസ്ഥിതിക ആഘാതം പരമാവധി കുറച്ചുകൊണ്ടു മാത്രമേ പുതിയ ഡാമുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ. നിലവിൽ കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന്റെ നിബന്ധനകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് മാത്രമേ പുതിയ അണക്കെട്ടുകൾ നിർമ്മിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ